# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പഞ്ചായത്തുകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം - പഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ (സാധാ) നം.1838/2012/തസ്വഭവ തിരുവനന്തപുരം, തീയതി 03.07.2012

പരാമർശം: 1. സ.ഉ (സാധാ) നം 1972/2011/തസ്വഭവ തീയതി, 22.08.2011
2. സ.ഉ.(സാധാ) നം. 159/2012/തസ്വഭവ തീയതി, 16.01.2012
3. സ.ഉ.(സാധാ) 1024/2012/ തസ്വഭവ തീയതി 31.03.2012
4. സ.ഉ (സാധാ) 1066/2012/തസ്വഭവ തീയതി 04.04.2012

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ നൽകുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് പരമാവധി 9 കമ്പ്യൂട്ടറുകൾ വരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി DGS&D Rate contract അടിസ്ഥാനത്തിൽ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിച്ച നൽകുന്ന സ്പെസിഫിക്കേഷനും എണ്ണവും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് വ്യവസ്ഥകളും അനുസരിച്ച് പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾക്ക് പരാമർശം (2) ലെ ഉത്തരവ് പ്രകാരം വാങ്ങാവുന്നതായിരുന്നു. പരാമർശം (3) പ്രകാരം പഞ്ചായത്തുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും DGS&D Rate contract നേക്കാൾ കുറഞ്ഞ നിരത്തിൽ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പരാമർശം (4) ലെ ഉത്തരവു പ്രകാരം ഇലക്ട്രിക്കൽ/ നെറ്റ്‌വർക്കിംഗ് ജോലികൾ പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.

2. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ സമ്പൂർണ്ണ ഇ-ഗവേണൻസ് പ്രവർത്തനം ലക്ഷ്യമാക്കി ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള മുഴുവൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളും ഉപയോഗിച്ച് ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തുകളിൽ ഇപ്പോൾ നിലവിലുള്ള കമ്പ്യൂട്ടറുകൾ അപര്യാപ്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ

പ്പെട്ടിരിക്കുന്നു. പഞ്ചായത്തുകളുടെ ഇ-ഗവേണൻസ് പ്രവർത്തനം മുഖേന കമ്പ്യൂട്ടർവൽക്കൃതമായി പഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്ക് പുറമെ എല്ലാ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ആവശ്യമാണെന്നും സർക്കാരിന് ബോദ്ധ്യമായിട്ടുണ്ട്. ഇത് കൂടാതെ ഇലക്ട്രിക്കൽ/നെറ്റ്‌വർക്കിംഗ് ജോലികൾ ടെണ്ടർ ക്ഷണിച്ച് പ്രാദേശികമായി ഏർപ്പാടുചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് പ്രയാസം നേരിടുന്നുവെന്നും, ഇവ കെൽട്രോൺ വഴി ഐ.കെ.എമ്മിന്റെ സാങ്കേതിക സഹായത്തോടെ ചെയ്യുന്നതായിരിക്കും ഉചിതമെന്നും ബോദ്ധ്യമായിട്ടുണ്ട്.

3. ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള സാംഖ്യ, സുലേഖ, സേവന, സഞ്ചയ, സൂചിക, സ്ഥാപന, സുഗമ, സങ്കേതം, സകർമ്മ, സചിത്ര തുടങ്ങിയ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ പ്രവർത്തിപ്പിച്ച് പഞ്ചായത്തുകളുടെ ഇ-ഗവേണൻസ് പ്രവർത്തനം നടപ്പാക്കുന്നതിനും കമ്പ്യൂട്ടർവൽക്കൃതമായി പഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ത്രിതല പഞ്ചായത്തുകളിൽ പ്രസിഡന്റിനും, വൈസ്പ്രസിഡന്റിനും, സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും വേണ്ടി ഓരോ കമ്പ്യൂട്ടർ വീതവും പഞ്ചായത്തിന് ഒരു സെർവർ കമ്പ്യൂട്ടറും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. കമ്പ്യൂട്ടർ വാങ്ങുമ്പോൾ ഐ.കെ.എം നിർദ്ദേശിക്കുന്ന വിധത്തിൽ ലൈസൻസുള്ള / ലൈസൻസ് ആവശ്യമില്ലാത്ത ഓപ്പറേറ്റിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ കൂടെ വാങ്ങുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതോടൊപ്പം ക്രമേണ കടലാസ്‌രഹിത (പേപ്പർലെസ്സ്) ഓഫീസ് എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരേണ്ടതുമാണ്. ഇതിനുള്ള പ്രവർത്തനം ഐ.കെ.എം ദ്രുതഗതിയിൽ സമയബന്ധിതമായി നടത്തേണ്ടതാണ്.

4. മേൽപറഞ്ഞ കമ്പ്യൂട്ടറുകൾക്ക് പുറമേ സമ്പൂർണ കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമാക്കി താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത അനുബന്ധ ഉപകരണങ്ങൾ വിഭവ പരിമിതി കണക്കിലെടുത്ത് ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിക്കുന്ന മാർഗ്ഗ നിർദ്ദേശമനുസരിച്ച് ആവശ്യാനുസരണം വാങ്ങാവുന്നതാണ്.

a) ഫ്രണ്ട് ഓഫീസ് / ജനസേവനകേന്ദ്രത്തിൽ സാധാരണ നിലയിൽ 2 കമ്പ്യൂട്ടറുകളും വളരെ കൂടുതൽ ഇടപാടുകൾ ഉള്ള പഞ്ചായത്തുകളിൽ 3 കമ്പ്യൂട്ടറുകളും.

b) ഫ്രണ്ട് ഓഫീസ്/ജനസേവനകേന്ദ്രത്തിൽ സ്ഥാപിക്കുന്ന ക്യൂ മാനേജ്മെന്റ് ഇലക്ട്രോണിക് ഡിവൈസ്.

c) നിലവിലുള്ള യു.പി.എസ്സിന് പുറമെ പുതുതായി വാങ്ങുന്ന കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടെയും തടസ്സം കൂടാതെയുള്ള പ്രവർത്തനത്തിനാവശ്യമായ ഓൺലൈൻ യു.പി.എസ്.

d) പരാതികൾ, അപേക്ഷകൾ, നികുതി, സാമൂഹ്യക്ഷേമ പെൻഷൻ തുടങ്ങിയവയുടെ തൽസമയ സ്ഥിതി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ടച്ച്സ്ക്രീൻ കിയോസ്ക്.

e) പഞ്ചായത്ത് നൽകുന്ന സേവനങ്ങൾ, പൗരാവകാശരേഖ തുടങ്ങി പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി ഫ്രണ്ട് ഓഫീസ്/ ജനസേവന കേന്ദ്രത്തിൽ സ്ഥാപിക്കുന്ന എൽസിഡി/എൽഇഡി ഡിസ്പ്ലേ സ്ക്രീൻ.

f) ഫ്രണ്ട് ഓഫീസിനും പ്രധാന ഓഫീസിനും ആവശ്യമായ ഡോട്മാട്രിക്സ് പ്രിന്ററുകൾ, ലേസർ പ്രിന്ററുകൾ, സ്കാനറുകൾ.

g) നികുതി പുറം പിരിവിനു പോകുന്ന ഉദ്യോഗസ്ഥർക്ക വേണ്ടി നികുതി നിർണയ വിവരങ്ങൾ ഉൾക്കൊള്ളിക്കാവുന്ന ഹാൻഡ് ഹെൽഡ് ഡിവൈസ്.

h) ആവശ്യമായ ഇലക്ട്രിഫിക്കേഷൻ, നെറ്റ്വർക്കിംഗ്, യു.പി.എസ് വയറിംഗ് തുടങ്ങിയ പ്രവൃത്തികളും അവയ്ക്കാവശ്യമായ ഉപകരണങ്ങളും.

5. പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് ഇലക്ട്രിഫിക്കേഷൻ / നെറ്റ്വർക്കിംഗ് ജോലികൾ നിർവഹിക്കുന്നതിന് പഞ്ചായത്തുകൾക്ക് പ്രയാസം നേരിടുന്നതിനാൽ ആവശ്യമെങ്കിൽ ഈ ജോലികൾ ഐ.കെ.എം നൽകുന്ന സാങ്കേതിക നിർദ്ദേശങ്ങൾ (സ്പെസിഫിക്കേഷൻ) അനുസരിച്ച് കെൽട്രോൺ വഴി നേരിട്ട് നിർവഹിക്കാവുന്നതാണ്.

6. അറ്റകുറ്റപ്പണിയുമായോ അപ്ഗ്രഡേഷനുമായോ ബന്ധപ്പെട്ട ഇലക്ട്രോണിക് ഗാഡ്ജെറ്റുകളും, പേപ്പർ, ടോണർ തുടങ്ങിയ കൺസ്യൂമബിൾ സാധനങ്ങളും ആവശ്യാനുസരണം വാങ്ങാവുന്നതാണ്.

7. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം അതതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം DGS&D Rate contract നേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS&D Rate contract നിരക്കുകൾ നിലവിലില്ലെങ്കിലോ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണ്. പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന പരാമർശം (2) ലെ ഉത്തരവിന്റെ 3(ii)-ാം ഖണ്ഡിക ഇതോടെ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്തുകൾക്ക് ആവശ്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും നിരക്കുകൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കി ഇൻഫർമേഷൻ കേരള മിഷൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കമ്പ്യൂട്ടറുകളും

അനുബന്ധ ഉപകരണങ്ങളും സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള സ്പെസിഫിക്കേഷനുകൾ ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

8. കമ്പ്യൂട്ടറുകൾ സ്ഥാപിച്ച പഞ്ചായത്തുകളിൽ സൂചിക ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഫയൽ നടത്തിപ്പ് സംവിധാനം കർശനമായി പ്രാവർത്തികമാക്കേണ്ടതും ഫയലിന്റെ ഓരോ ഘട്ടത്തിലേയും അവസ്ഥ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ സാംഖ്യ, സുലേഖ, സേവന, സ്ഥാപന, സഞ്ചയ, സുഗമ, സങ്കേതം, സകർമ്മ, സചിത്ര തുടങ്ങി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള എല്ലാ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളും എല്ലാ പഞ്ചായത്തുകളിലും വിന്യസിച്ച് തുടർച്ചയായി പ്രവർത്തിപ്പിക്കേണ്ടതുമാണ്.

9. കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എണ്ണം നിശ്ചയിക്കുമ്പോൾ, നിലവിലുള്ള പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എണ്ണവും ആവശ്യകതയും കൂടി കണക്കിലെടുക്കേണ്ടതാണ്. അറ്റകുറ്റപ്പണി ചെയ്തും അപ്ഗ്രേഡ് ചെയ്തും പ്രവർത്തനക്ഷമമാക്കാവുന്നവ അപ്രകാരം ചെയ്യേണ്ടതാണ്. എന്നാൽ അറ്റകുറ്റപ്പണി അസാധ്യമായവ, 7 വർഷത്തിലധികം പഴക്കമുള്ളവ എന്നിവ ബൈബാക്ക് വ്യവസ്ഥയിൽ തിരികെ നൽകി പുതിയ ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. അറ്റകുറ്റപ്പണി, അപ്ഗ്രഡേഷൻ, ബൈബാക്ക് തുടങ്ങിയ കാര്യങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ നിർദ്ദേശപ്രകാരം നിർവഹിക്കേണ്ടതാണ്.

10. വെബ് അധിഷ്ഠിതമായ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി KSWAN / VPN Connectivity എല്ലാ പഞ്ചായത്തുകളും ഇടതടവില്ലാതെ ലഭ്യമാക്കേണ്ടതാണ്. ഇതുവരെ കണക്റ്റിവിറ്റി എടുത്തിട്ടില്ലാത്ത പഞ്ചായത്തുകൾ ഉടനടി കണക്റ്റിവിറ്റി എടുക്കേണ്ടതാണ്.

11. ഐ.കെ.എം വികസിപ്പിച്ച ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ വിന്യസിച്ചിട്ടുള്ള കമ്പ്യൂട്ടറുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകരുത്. സെർവറിൽ വൈറസ് ബാധ ഒഴിവാക്കുന്നതിനായി ഇക്കാര്യം ഉറപ്പുവരുത്തണം. ത്രിതല പഞ്ചായത്തുകളിൽ സമ്പൂർണ ഇ-ഗവേണൻസ് എന്ന ലക്ഷ്യം കൈവരിക്കാനായിട്ടാണ് ഓരോ സീറ്റിനും ഓരോ കമ്പ്യൂട്ടർ നൽകുന്നതെന്നതിനാൽ ഇന്റർനെറ്റ് ഉപയോഗം ഐ.കെ.എം ആപ്ലിക്കേഷൻ വിന്യസിച്ചിട്ടില്ലാത്ത ഒന്നോ രണ്ടോ കമ്പ്യൂട്ടറുകളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഇവ നെറ്റ്‌വർക്കിൽ ബന്ധിപ്പിക്കാൻ പാടില്ലാത്തതുമാണ്.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമായ ആന്റി-വൈറസ് സോഫ്റ്റ്‌വെയർ ഐ.കെ.എം മൊത്തമായി വാങ്ങി ആവശ്യാനുസരണം ലഭ്യമാക്കുന്നതും,

കേന്ദ്രീകൃതമായി അപ്ഡേറ്റ് ചെയ്യുന്നതുമാണ്. ഇതിനുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഐ.കെ.എമ്മിന് നൽകേണ്ടതാണ്.

13 . മേൽപറഞ്ഞ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും നെറ്റ്‌വർക്ക്/ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കും KSWAN / VPN Connectivity ലഭ്യമാക്കുന്നതിനും ത്രിതല പഞ്ചായത്തുകൾക്ക് തനതുഫണ്ടോ, ജനറൽപർപ്പസ് ഫണ്ടോ, വികസന ഫണ്ടോ ഉപയോഗിക്കാവുന്നതാണ്. ഈ ഉത്തരവിൻപ്രകാരം വികസനഫണ്ടിൽ നിന്നാണ് തുക ചെലവു ചെയ്യുന്നതെങ്കിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി ഇലക്ട്രിഫിക്കേഷനും നെറ്റ്‌വർക്കിംഗും നടത്തിക്കഴിഞ്ഞശേഷം പ്രോജക്ട് തയ്യാറാക്കി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയാൽ മതിയാകുന്നതാണ്. ഈ ചെലവ് "ഗവൺമെന്റ് പ്രോജക്ട് " എന്ന നിലയിൽ സാംഖ്യയിൽ രേഖപ്പെടുത്താവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്ജിഎസ്എ) തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇആർഎസ്എ) കേരള, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ.
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

പകർപ്പ് : പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## *Server Specification for District/Block/Grama Panchayat*

| Feature | Technical specification |
|---|---|
| Form Factor | Tower, |
| No. Of Processors | 1, 2 Capable |
| Processor | Intel Xeon E5620 (2.40GHz/4-core/80W/12MB) Processor (to be supplied with one) or better |
| Chipset | Intel 5500 Chipset or better |
| FSB | 5.86 GT/sec Intel Quick Path interconnect (QPI) or better |
| Memory | 8GB DDR3, 1066/1333 MHz, 128GB Max or better |
| I/O Slots | Minimum 4 PCIe G2 Slots or better |
| Storage Controller | Raid controller with 512 MB Flash Back Write Cache and support RAID 0,1,5 or better |
| Drive Bays | Minimum 4 Hot-Swappable Drives Bays |
| Hard Drives | 4 x 250 GB or higher enterprise class SATA HDD 7200 RPM |
| DVD | DVD RW 8X or Better |
| Ports | 4 USB Ports and 1 Serial port |
| NIC | Dual LAN (10/100/1000) network card with asset feature tracking and security management, remote wake up |
| Power Supply | Non redundant power supply |
| Video | To support VGA or Above resolution |
| Monitor | 17" TFT Monitor/ wide TFT, TCO-03 or TCO-99 certified |
| Keyboard & Mouse | 101 Keys keyboard and optical mouse |
| Certification | Windows Server 2003 and above, Red Hat Linux certified, Compliance and Driver Support (should be verifiable from respective websites) |
| Warranty | 5 year Comprehensive on site warranty from original equipment manufacturer |

## *Client Computer Specification*

- 2nd Generation Intel Core i3-2120 Processor (3.3GHz, 3MB Cache) or better
- 1333MHz FSB or better
- Intel chipset with Intel or OEM motherboard having OEM or Intel logo embossed on it
- 2GB DDR3 SDRAM at 1333MHz and upgradeability to 4 GB or better
- 500GB SATA hard drive (7200RPM) or better, 16x or better DVD Rom drive
- 18.5" (47 cm) high resolution colour TFT LCD monitor having less than 15 ms response time (resolution 1360x768 or better with 32-bit colour)
- 10/100/1000 Mbps Ethernet Card, PXE enabled for remote booting and install facility
- Windows keyboard and optical scroll mouse with pad
- 2 front panel high speed USB 2.0 ports and Audio ports
- 2 USB Ports, 1 serial and parallel port at rear
- Localised power cords, Active management technology support preferable
- Certification from Microsoft for Windows XP/ 7 (the model offered should be listed on the certifier website and should be verifiable by IKM)
- Windows XP Professional preloaded with Windows 7 Professional license and media
- Drivers for components/devices should be digitally signed by Microsoft
- 5 year comprehensive onsite warranty direct from manufacturer

## *Peripherals*

### Dot Matrix Printer 80 column

- 24 pin, 80 column dot matrix printer
- Print speed of 192 cps for Draft 17CPI Condensed, minimum speed of 128 cps for LQ - 17CPI Condensed.
- Serial (or USB) and parallel ports, preferably with auto sense to select the port
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3 year comprehensive warranty onsite
- Optional: Multilingual printing capability (Inscript) with flash memory for character set updates

### Dot Matrix Printer 136 column

- 24 pin, 136 column dot matrix printer
- Multi lingual printing capability (Inscript) with flash memory for character set updates.
- Print speed of 192 cps for Draft 17CPI Condensed, minimum speed of 128 cps for LQ - 17CPI Condensed.
- Serial (or USB) and parallel ports, preferably with auto sense to select the port
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3 year comprehensive warranty onsite

### Inkjet Printer A4

- Printing capability on A4 paper
- Print speed up to 20 ppm for BW and 14 for colour or better on A4 paper
- Resolution 600 dpi or better
- Print Quality 4800 x 1200 dpi or better
- USB 2.0 interface
- Localised power cords
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3-year comprehensive on site warranty

### Monochrome Laser Printer A4 with Duplex

- 600 dpi resolution or better
- A4 paper size, 25 PPM (A4 Size) printer speed or better
- 1 USB port
- 10/100 Mbps Network Card
- Automatic Duplex printing
- Minimum 1 paper tray (A4/Letter)
- Localised power cords
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3-year comprehensive on site warranty

## Monochrome Laser Printer A4

- Monochrome laser printer
- Printing capability on A4 paper
- Print speed up to 20 ppm or better on A4 paper
- Resolution 600 dpi or better
- USB 2.0 interface
- Localised power cords
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3-year comprehensive on site warranty

## Colour Laser Printer A4

- Colour 600 dpi Resolution
- Print Speed (A4 Size): 16 ppm BW and 4 ppm Colour
- A4 Paper size
- 1 USB Port, 8 MB Memory
- 10/100 Mbps Network Card,
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3-year comprehensive on site warranty

## Monochrome Laser Printer A3 with Duplex

- 600 dpi Resolution (mono) or better
- A3, A4 paper feed capable, 22 ppm print speed or better
- 1 USB port, 32 MB Memory or better
- 10/100 Mbps Network Card
- Automatic Duplex printing
- Minimum 1 paper tray (A4/Letter/A3)
- Localised power cords
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3-year comprehensive on site warranty

## Scanner A4

- Resolution 1200 dpi or better
- USB port
- Flat bed, A4 Document size
- Necessary software including drivers for Windows 2000/XP/Vista/2003/ 7 /2008 and Linux
- 3 year comprehensive onsite warranty

## *Specifications of On-line UPS*

### 5kVA UPS

- 5kVA on-line UPS
- On-line UPS with isolation transformer & with PWM Technology, Floor mounted type suitable for single phase AC input voltage 160V to 260V, 50+/-1.5Hz and single phase AC output voltage 230+/-1%V, 50+/-0.5Hz.
- It shall be housed in a rugged enclosure made of M.S Sheet 1.2 mm (minimum) thick, aesthetically finished, duly pre-treated and powder coated.
- 2 hour battery backup on full load
- 3-year comprehensive on site warranty

### 3kVA UPS

- 3kVA on-line UPS
- On-line UPS with isolation transformer & with PWM Technology, Floor mounted type suitable for single phase AC input voltage 160V to 260V, 50+/-1.5Hz and single phase AC output voltage 230+/-1%V, 50+/-0.5Hz.
- It shall be housed in a rugged enclosure made of M.S Sheet 1.2 mm (minimum) thick, aesthetically finished, duly pre-treated and powder coated.
- 2 hours battery backup on full load
- 3-year comprehensive on site warranty

### 2kVA UPS

- 2kVA on-line UPS
- On-line UPS with isolation transformer & with PWM Technology, Floor mounted type suitable for single phase AC input voltage 160V to 260V, 50+/-1.5Hz and single phase AC output voltage 230+/-1%V, 50+/-0.5Hz.
- It shall be housed in a rugged enclosure made of M.S Sheet 1.2 mm (minimum) thick, aesthetically finished, duly pre-treated and powder coated.
- 4 hours battery backup on full load
- 3-year comprehensive on site warranty

### 1kVA UPS

- 1kVA on-line UPS
- On-line UPS with isolation transformer & with PWM Technology, Floor mounted type suitable for single phase AC input voltage 160V to 260V, 50+/-1.5Hz and single phase AC output voltage 230+/-1%V, 50+/-0.5Hz.
- It shall be housed in a rugged enclosure made of M.S Sheet 1.2 mm (minimum) thick, aesthetically finished, duly pre-treated and powder coated.
- 4 hours battery backup on full load
- 3-year comprehensive on site warranty